അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

ഫാക്ട് ഈസ്റ്റേൺ യു.പി. സ്കൂൾ

ഏലൂർ ഈസ്റ്റ്

വിദ്യാഭ്യാസ വികസന പദ്ധതി

സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ 2025-2026

**ആമുഖം**

നീണ്ട ൬൦ വർഷങ്ങളുടെ വിജ്ഞാന പാരമ്പര്യമുള്ള ഫാക്ട് ഈസ്റ്റേൺ യു.പി.സ്കൂൾ, ഏലൂർ മുനിസിപ്പാലിറ്റിയിലെ 9. -ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഈ സ്കൂളിൽ ഏലൂർ, മുപ്പത്തടം, കയന്റിക്കര, എടമം, കളമശ്ശേരി തുടങ്ങി വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ അധ്യായനം നടത്തിവരുന്നു. ഇന്ന് ഈ വിദ്യാലയത്തിൽ ഹെഡ്മിസ്ട്രസ്സ് അധ്യാപകർ കൂടാതെ ഒരു ഓഫീസ് അസിസ്റ്റന്റും സേവനമനുഷ്ഠിക്കുന്നു. രാഷ്ട്രീയ , സംസ്കാരിക, സിനിമാ മേഖലയിലും സ്പോർട്ട് മേഖലയിലും അഭിമാനകരമായ സേവനം കാഴ്ച വച്ചുകൊണ്ടിരുന്നു. പൂർവ്വ വിദ്യാർത്ഥികളും ഈ വിദ്യാലയത്തിന്റെ അഭിമാനത്തെ ഉയർത്തുന്നു. ദൈവാനുഗ്രഹവും എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളും വളരെ ഭംഗിയായി ഈ വിദ്യാലയത്തെ മുന്നോട്ടു കൊണ്ടു പോകുന്നതിന് സഹായകമാകുന്നു.

**സുരേലി ഹിന്ദി**

സുരേലി ഹിന്ദിയുടെ ഭാഗമായി 5 മുതൽ വരെയുള്ള ക്ലാസ്സിലെ കുട്ടികളെ പങ്കെടുപ്പിച്ച് പോസ്റ്റർ മത്സരം, കവിതാമത്സരം, ഹിന്ദി ബുക്കുകളുടെ പ്രവർത്തനം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

**നേച്ചർക്ലബ്**

സ്കൂളിൽ നേച്ചർ ക്ലബ്ബിന്റെ ഭാഗമായി ഫലവൃക്ഷത്തോട്ടവും തെങ്ങിൻ തൈകളും നട്ടുപിടിപ്പിക്കുവാൻ തീരുമാനിച്ചു.

**ഗൃഹസന്ദർശനം**

ഓണപരീക്ഷക്കും മുമ്പായി ഓരോ അധ്യാപകരും അവരവരുടെ ക്ലാസ്സിലെ കുട്ടികളുടെ വീടുകൾ സന്ദർശിക്കാൻ തീരുമാനിച്ചു. എന്റെ ക്ലാസ്സിലെ കുട്ടിക്ക് എഴുതുവാനും വായിക്കുവാനും അറിയാം ഓരോ അധ്യാപകരും തങ്ങളുടെ മുന്നിലിരിക്കുന്ന കുട്ടികൾ വായിക്കണം എഴുതാനും പ്രാപ്തരാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ക്ലാസ്സിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. അതിലൂടെ എല്ലാ കുട്ടികളും വായിക്കാനും എഴുതാനും പ്രാപ്തരാകുന്നു.

**നിരന്തര മൂല്യ നിർണയം**

മിഡ് ടേം ടെസ്റ്റ്, ടേം ടെസ്റ്റ് ഇവയുടെ ഗ്രേഡ്, ക്ലാസ്സ് പ്രവർത്തനങ്ങൾ എന്നിവ മൂല്യ നിർണയം ചെയ്ത് കുട്ടികളെ വിലയിരുത്തുന്നു. ഇതിനായി പി ടി എ യുടെ സ്വീകരണം ഉറപ്പാക്കുന്നു.

## കായികപഠനം

കുട്ടികൾക്ക് കായിക പരിശീലനത്തിനായി ആഴ്ചയിൽ രണ്ട് ദിവസത്തേക്ക് ഒരു കായിക അധ്യാപകന്റെ സേവനം മാനേജ്മെന്റ് തയ്യാറാക്കിയിട്ടുണ്ട്.

## പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തീകരണം

നിലവിലുള്ള അലുമ്നി അസോസിയേഷൻ വിപുലീകരിച്ച് അവരുടെ പ്രവർത്തനങ്ങൾ സ്കൂളിൽ സജീവമാക്കും. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കും.

## സെമിനാറുകൾ അഭിമുഖങ്ങൾ

വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തികൾ, കർഷകർ, സാഹിത്യകാരന്മാർ, ശാസ്ത്രകാരന്മാർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുമായി അഭിമുഖങ്ങളും സെമിനാറുകളും സംഘടിപ്പിക്കുന്നു.

## കലാ-കായികമേള

സ്കൂൾ തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കികൊണ്ട് കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇതിൽ മികവ് പുലർത്തുന്നവരെ ഉപജില്ല-ജില്ലാ മേഖലകളിലെ കലാ കായികമേളകളിൽ പങ്കെടുപ്പിക്കുന്നു. ഇതിന്റെ ചിലവിലേക്കായി ഫണ്ട് കണ്ടെത്തേണ്ടതിന് Sponsership നേടാമെന്ന് തീരുമാനിച്ചു.

## ദിനാചരണങ്ങൾ

ഓരോ മാസത്തെയും പ്രധാനദിനങ്ങൾ ആലോചിക്കുകയും ഇതിൽ പ്രധാനപ്പെട്ട ദിനാചരണങ്ങൾ സ്കൂൾ തലത്തിൽ പി ടി എ, എസ് എസ് ജി, ജനപ്രതിനിധികൾ ഇവരെ ഉൾപ്പെടുത്തികൊണ്ട് വിപുലമായി നടത്താൻ തീരുമാനിച്ചു. ഇതിന്റെ ചിലവിലേക്കായി പി ടി എ ഫണ്ടിൽ നിന്നും 3000 രൂപ വകയിരുത്താൻ തീരുമാനിച്ചു.

## ഭക്ഷ്യമേള

കുട്ടികളുടെ പാചകാഭിരുചിക്കായി വിവിധ ഭക്ഷ്യമേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**ഒറിഗാമി ശിൽപശാല**

ജാപ്പനീസ് കലയായ ഒറിഗാമിയുടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ ഇവയുടെ പ്രദർശനം സംഘടിപ്പിക്കൽ ഇതിന്റെ ചിലവിലേക്കായി സ്പോൺസർഷിപ്പിലൂടെയും കണ്ടെത്താൻ തീരുമാനിച്ചു.

**മെഡിക്കൽ ക്യാമ്പ്**

വിദ്യാലയം സ്ഥിതി ചെയ്യുന്ന വാർഡിലുള്ള ഹെൽത്ത് സെന്ററിന്റെ സേവന സന്നദ്ധരായ ഡോക്ടേഴ്സിന്റെയും പ്രത്യേകിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിൻരെ നേതൃത്വത്തിൽ കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചു. കുട്ടികളുടെ രക്ഷിതാക്കൾക്കും പ്രസ്തുത ക്യാമ്പിൽ വൈദ്യപരിശോധന നടത്താം. ഇതിന്റെ നടത്തിപ്പിനായി പൂർവ്വ വിദ്യാർത്ഥി സംഘടനാ വഴിയും സ്പോൺസർഷിപ്പിലൂടെയും ഫണ്ട് കണ്ടെത്തണമെന്ന് തീരുമാനിച്ചു.

**രചനാ ശിൽപശാല**

സാഹിത്യാഭിരുചി പുലർത്തുന്ന കുട്ടികൾക്കായി വിവിധ ഭാഷയിൽ രചനാ ശിൽപാശാല സംഘടിപ്പിക്കുന്നു. ഇതിൽ നിന്നും ലഭിക്കുന്ന ഉൽപന്നങ്ങളുടെ പ്രദർശനം വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ നടത്തുന്നു. ഇതിന്റെ ചെലവിലേക്കായി 2000 രൂപ പി ടി എ ഫണ്ടിൽ നിന്നും സ്റ്റാഫ് ഫണ്ടിൽ നിന്നും വകയിരുത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**ഹ്രസ്വകാലപദ്ധതി**

**പി ടി എ ശക്തിപ്പെടുത്താൻ**

**മധ്യകാലപദ്ധതി**

**ദീർഘ കാല പദ്ധതികൾ**

ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വവിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ, വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ വിദ്യാലയ വിഭവങ്ങൾ പൊതു സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ

പദ്ധതിയുടെ വിശദാംശങ്ങൾ

ലൈബ്രറി ആധുനികവൽക്കരിക്കൽ

പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കുട്ടികൾക്ക് നേരിട്ട് പാഠ്യവിഷയങ്ങളെ സംബന്ധിച്ച വിഷയങ്ങൾ വിവരണം ചെയ്യുന്നതിനും കൂടുതൽ അറിവ് നേടുന്നതിനും സാഹചര്യം ഒരുക്കുന്നു. ആഴ്ചയിൽ ഒരിക്കൽ ക്ലാസ്സിലെ കുട്ടികൾക്ക് ബുക്ക് കൊടുത്തു വിടുന്നു. അമ്മമാർ വായിച്ചു കൊടുക്കുന്നു. കൊച്ചു കുട്ടികൾ വായിച്ചു കേട്ട കഥകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

ലബോറട്ടറി ആധുനികവൽക്കരിക്കൽ

ഓരോ വിഷയവും സ്വയം കണ്ടെത്തി മനസിലാക്കുന്നതിനും, പഠനസാമഗ്രികൾ കൂടുതലായി കണ്ടെത്തുന്നതിനും ലാബ് വികസിപ്പിക്കുന്നു. ഓരോ ക്ലാസ് മുറിയിലും ഗണിത - സയൻസ് ലാബ് സജ്ജമാക്കുന്നു.

നാടകക്കളരി

കുട്ടികൾ അവർ പഠിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പരിചയപ്പെട്ടിട്ടുള്ള ബാല സാഹിത്യനോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകവിഷ്കരണങ്ങൾ നടത്തും. ഇതിനായുള്ളഅള സാമ്പത്തികം സ്റ്റാഫ് ഫണ്ട് വഴി കണ്ടെത്താൻ തീരുമാനിച്ചു.

പ്രതിഭാപോഷണ പരിപാടി

വിവിധ മേഖലകളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്കായി അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ചെലവിലേക്കാവശ്യമായ ഫണ്ട് സ്പോൺസർഷിപ്പ് വഴി കണ്ടെത്താൻ തീരുമാനിച്ചു.

## പഠനയാത്രകൾ

ഓരോ ക്ലാസ്സിലേയും കുട്ടികൾക്കായി പാഠഭാഗവുമായി ബന്ധമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്രകൾ സമയാസമയങ്ങളിൽ സംഘടിപ്പിക്കുന്നു. ഇതിന്റെ ചിലവിലേക്കായി വരുന്ന തുക സ്റ്റാഫ് ഫണ്ട് വഴിയും സ്പോൺസർഷിപ്പ് വഴിയും കണ്ടെത്താൻ തീരുമാനിച്ചു.